പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1803 12.06.2019-ലെ മറുപടിക്ക്

## കെ.യു.ആർ.ടി.സി. ലോഫ്ലോർ ബസുകൾ

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതുകാരണം കെ.യു.ആർ.ടി.സി.യുടെ 430 ലോഫ്ലോർ ബസുകൾ കട്ടപ്പുറത്താണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | പരിശോധിച്ചിട്ടുണ്ട്. 05-06-2019-ലെ കണക്കനുസരിച്ച് 196 ബസ്സുകളാണ് സാമ്പത്തിക ബുദ്ധിമുട്ട് കാരണം അറ്റകുറ്റപണികൾക്കായി കട്ടപ്പുറത്ത് ഉള്ളത്. |
| (ബി) | മികച്ച വരുമാനമുണ്ടാക്കുന്ന ഈ സർവ്വീസുകൾ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് കോർപ്പറേഷന്റെ മുന്നിലുള്ള പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ബസ്സുകളുടെ ഉയർന്ന ഇന്ധന ചെലവ്, ഉയർന്ന സ്പെയർ പാർട്സ് വില എന്നിവ കാരണവും കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് കാരണവും ടി ബസ്സുകൾ സമയബന്ധിതമായി റിപ്പയർ ചെയ്ത് ഇറക്കാൻ കഴിയുന്നില്ല. |
| (സി) | അറ്റകുറ്റപ്പണി ചെയ്ത വകയിൽ നൽകാനുള്ള കുടിശ്ശിക നൽകാനാവാത്തത് ബസുകൾ പുറത്തിറക്കുന്നതിന് തടസ്സമാണോയെന്ന് അറിയിക്കുമോ; | (സി) | സാമ്പത്തിക പരാധീനതകാരണം കുടിശ്ശിക നൽകാത്തത് ടി ബസ്സുകൾ പുറത്തിറക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |
| (ഡി) | എങ്കിൽ ഇവയ്ക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | അറ്റകുറ്റപ്പണിക്ക് ചെലവുകുറഞ്ഞ കരാർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ എന്നറിയിക്കാമോ? | (ഇ) | നിലവിലുള്ള കെ.യു.ആർ.ടി.സി ബസ്സുകൾക്ക് അറ്റകുറ്റപണികൾ ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം നിലയിലും, കൂടുതൽ പ്രാഗൽഭ്യം ആവശ്യമുള്ളവ കമ്പനി മുഖാന്തിരവുമാണ് ചെയ്യുന്നത്. കമ്പനി മുഖാന്തിരമുള്ള ജോലികൾക്ക് ചെലവു കുറഞ്ഞ മറ്റ് സംവിധാനങ്ങൾ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**